**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 241** **22-02-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ്-19 മരണ കണക്കുകളും ധനസഹായവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ്-19 ബാധിച്ച് എത്ര പേർ മരിച്ചിട്ടുണ്ട്; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | 2022 ഫെബ്രുവരി 14 വരെ 62,377 കോവിഡ് മരണങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. തിരുവനന്തപുരം - 7811 കൊല്ലം - 5783 പത്തനംതിട്ട - 2241 ആലപ്പുഴ - 4848 കോട്ടയം - 3936 ഇടുക്കി - 1316 എറണാകുളം - 6960 തൃശ്ശൂർ - 6771 പാലക്കാട് - 5235 മലപ്പുറം - 5427 കോഴിക്കോട് - 5777 വയനാട് - 881 കണ്ണൂർ - 4147 കാസർഗോഡ് - 1244 ആകെ - 62377 |
| (ബി) | ഇതിൽ എത്ര കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | കോവിഡ് എക്സ് ഗ്രേഷ്യാ ധനസഹായം ലഭിച്ച അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. തിരുവനന്തപുരം - 6611 കൊല്ലം - 4916 പത്തനംതിട്ട - 1721 ആലപ്പുഴ - 4138 കോട്ടയം - 2869 ഇടുക്കി - 1097 എറണാകുളം - 5247 തൃശ്ശൂർ - 5049 പാലക്കാട് - 4468 മലപ്പുറം - 4499 കോഴിക്കോട് - 4633 വയനാട് - 758 കണ്ണൂർ - 3887 കാസർഗോഡ് - 1215 ആകെ - 51108 |
| (സി) | അന്യസംസ്ഥാനത്തെ ആശുപത്രികളിൽ വെച്ച് മരണപ്പെടുന്ന കേരളീയർക്ക് നിലവിൽ ധനസഹായം നൽകുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | മറ്റ് സംസ്ഥാനങ്ങളിൽ വച്ച് കോവിഡ് മൂലം മരണമടഞ്ഞവർക്ക് അതത് സംസ്ഥാനങ്ങൾ കോവിഡ് മരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നില്ലായെങ്കിൽ മറ്റ് സംസ്ഥാനത്തു നിന്നും ഈ തുകയ്ക്കായി അപേക്ഷ സമർപ്പിക്കുകയോ കൈപ്പറ്റുകയോ ചെയ്തിട്ടില്ല എന്നുള്ള സാക്ഷ്യപത്രം, കോവിഡ് പോസിറ്റീവ് സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ, കോവിഡ് സ്ഥിരീകരിച്ച് ഒരു മാസത്തിനകമാണ് മരണമെങ്കിൽ, അടുത്ത ബന്ധുക്കൾക്ക് കോവിഡ് എക്സ് ഗ്രേഷ്യ നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ കോവിഡ് മൂലം മരണമടഞ്ഞ അടുത്ത ആശ്രിതർക്ക് എക്സ് ഗ്രേഷ്യാ നൽകുന്നതിനുള്ള അപേക്ഷ 07/02/2022 മുതൽ |

| | | | |
|---|---|---|---|
| | | | ഓൺലൈനായി സമർപ്പിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ടി അപേക്ഷകൾ അക്ഷയ കേന്ദ്രത്തിന് പുറമേ എല്ലാ വില്ലേജുകളിലും സ്വീകരിക്കാനുള്ള നടപടി ജില്ലാഭരണകൂടങ്ങൾ സ്വീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ